# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി.11/2285/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 31/01/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി.11/2285/2022 തീയ്യതി: 31/01/2023

## പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-06-2022 മുതൽ 18-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇ. ശശിഭൂഷൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 19-09-2022 | 28-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-09-2022 | 28-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രേമാനന്ദ്.എസ്., ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീമതി രമാദേവി.കെ.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബീന.എം.വി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ കന്തസ്വാമി.ഐ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രിയദർശിനി. എസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| രമേഷ് കുമാർ. എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |
| ഷാജു. പി.എ | സെക്രട്ടറി | 08-04-2021 | 25-06-2021 |
| സാജിദ്. എം. കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-06-2021 | 13-07-2021 |
| ബാഹുലേയൻ. സി.വി | സെക്രട്ടറി | 14-07-2021 | 06-11-2021 |
| രാധ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-11-2021 | 18-11-2021 |
| ബാഹുലേയൻ. സി.വി | സെക്രട്ടറി | 19-11-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. വിനയകുമാർ. പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ഫ്രാൻസിസ് അർപ്പുത ദാസ് | വെറ്റിനറി സർജൻ | 01-04-2021 | 05-11-2021 |
| ഡോ. ഷെമി. വി.എസ് | വെറ്റിനറി സർജൻ | 06-11-2021 | 31-03-2022 |
| എസ്. എം. ഫാത്തിമ ബീവി | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ഡോ. സുനിത അലക്സ് | മെഡിക്കൽ ഓഫീസർ (PHC ) | 01-04-2021 | 31-03-2022 |
| ഡോ. ബിഷ്ണു പ്രസാദ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) | 01-04-2021 | 20-12-2021 |
| ഡോ. പ്രവീൺ എൻ.വി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 21-12-2021 | 22-01-2022 |
| ഡോ. ബിഷ്ണു പ്രസാദ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) | 23-01-2022 | 24-01-2022 |
| ഡോ. പ്രവീൺ എൻ.വി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) | 25-01-2022 | 31-01-2022 |
| ഡോ. ബിഷ്ണു പ്രസാദ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) | 01-02-2022 | 20-03-2022 |
| ഡോ. പ്രവീൺ എൻ.വി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) | 21-03-2022 | 23-03-2022 |
| ഡോ. ബിഷ്ണു പ്രസാദ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) | 24-03-2022 | 28-03-2022 |
| ഡോ. രാഗേഷ്. ആർ | മെഡിക്കൽ ഓഫീസർ | 29-03-2022 | 31-03-2022 |

| | | | |
|---|---|---|---|
| | (ആയുർവ്വേദം ) | | |
| വിനിത. പി | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| റംലത്ത് വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീദേവി. വി.എം | കൃഷി ഓഫീസർ | 01-04-2021 | 11-10-2021 |
| ലിബി ആന്റണി | കൃഷി ഓഫീസർ | 12-10-2021 | 31-03-2022 |
| അനുഷ റാണി. പി. ജി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| സുചിത. എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 31-03-2022 |
| അഫ്സ. എം.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 18-01-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കണം | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്-അപാകതകൾ | 1-11 |
| 14 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-11-1 |
| 15 | വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല. | 1-11-2 |
| 16 | ഇറച്ചിക്കടകൾക്ക് ലൈസൻസ്- സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കണം | 1-11-3 |
| 17 | അനധികൃത കെട്ടിട നിർമ്മാണം - തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-12 |
| 18 | അനധികൃത നിർമ്മാണ രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. | 1-12-1 |
| 19 | അനധികൃത നിർമ്മാണ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല. | 1-12-2 |
| 20 | കെട്ടിടനിർമ്മാണ വിവരങ്ങൾ സർക്കാറിലേക്ക് റിപ്പോർട്ട് ചെയ്യുന്നില്ല | 1-12-3 |
| 21 | കുടിവെള്ള പദ്ധതികൾ നടത്തിപ്പ് - കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-13 |
| 22 | HMC വാർഷികകണക്കുകൾ ഹാജരാക്കിയിട്ടില്ല. | 1-14 |
| 23 | ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - ഹോംകോയിൽ നിന്നും മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല | 1-15 |
| 24 | മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവഹണം നടത്തിയ പദ്ധതി- | 1-16 |

| | | |
|---|---|---|
| | സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങലുകൾ നടത്തി | |
| 25 | മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവഹണം നടത്തിയ പദ്ധതി- തുക മുൻകൂർ നൽകിയിട്ടും കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല | 1-17 |
| 26 | കാലഹരണപ്പെട്ട സാംഖ്യ രശീതുകൾ കൈയൊഴിയേണ്ടതാണ്. | 1-18 |
| 27 | ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്ക് തുക നല്കിയത് -പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ് | 1-19 |
| 28 | മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം- മാർഗ്ഗനിർദേശങ്ങൾ പാലിച്ചിട്ടില്ല. | 1-20 |
| 29 | ഭവന പുനരുദ്ധാരണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-21 |
| 30 | ഭവന പുനരുദ്ധാരണം (ജനറൽ) പൂർത്തിയാക്കേണ്ടതാണ് | 1-21-1 |
| 31 | ഭവന പുനരുദ്ധാരണം (SCP) പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-21-2 |
| 32 | അങ്കണവാടി പോഷകാഹാരം പരിപാടി- ബില്ലുകളിൽ നിന്നും ജി.എസ്.ടി - ടി.ഡി.എസ് കിഴിവ് നടത്തിയില്ല. | 1-22 |
| 33 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതി - മുഴുവൻ മാസങ്ങളിലും ആനുകൂല്യം അനുവദിച്ചില്ല. | 1-23 |
| 34 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് , ബത്ത നൽകൽ- അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയില്ല. | 1-24 |
| 35 | കൃഷിഭവനിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായില്ല. | 1-25 |
| 36 | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കേണ്ടതാണ് | 1-26 |
| 37 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് , ബത്ത നൽകൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-27 |
| 38 | അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിൽ കമ്പ്യൂട്ടർ ലഭ്യമാക്കണം | 1-28 |
| 39 | കുടിവെള്ളത്തിനുള്ള ചെലവ്- കുടിശ്ശിക ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-29 |
| 40 | ലൈഫ് ഭവനം- നിർമാണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-30 |
| 41 | ലൈഫ് ഭവനം നിർമാണം പൂർത്തിയാക്കാത്തവർ-ജനറൽ | 1-30-1 |
| 42 | ലൈഫ് ഭവനം- നിർമാണം പൂർത്തിയാക്കാത്തവർ-എസ്.സി | 1-30-2 |
| 43 | ലൈഫ് ഭവനം- നിർമാണം പൂർത്തിയാക്കാനുള്ളവർ (എസ്.റ്റി) | 1-30-3 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം | |
| 2 | സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തേക്കുള്ള ബജറ്റ് 20.02.2021-ലെ ഭരണസമിതിയുടെ തീരുമാനം നം. 1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 43,76,066/- |
| തൻവർഷം വരവ് | 25,88,45,000/- |
| ആകെ വരവ് | 26,32,21,066/- |
| ചെലവ് | 25,48,20,000/- |
| നീക്കിയിരിപ്പ് | 84,01,066/- |

19.03.2022 ലെ ഭരണസമിതിയുടെ തീരുമാനം നം. 1 പ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 13.05.22 | - | - |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Untied (Bank Account) എന്ന ഇനത്തിലെ വരവും നീക്കിയിരിപ്പും പട്ടികയിൽ കാണിച്ചിരിക്കുന്നത് ബാങ്ക് പലിശ ഉൾപ്പെടെയുള്ള തുകയാണ്. ഗ്രാന്റ് പത്രികയിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല.

2. സാക്ഷരത ഗ്രാന്റായി വരവുവന്ന തുക 3ൽ തുടങ്ങുന്ന Headൽ (Liability Head) വരവുവെക്കുന്നതിന് പകരം 1ൽ തുടങ്ങുന്ന Headലാണ് വരവുവെച്ചത്. അതിനാൽ ഈയിനത്തിലെ നീക്കിയിരിപ്പ് തുക Balance Sheetൽ ഉൾപ്പെട്ടിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13370801 |
| വരവ് | 58193744 |
| ആകെ | 71564545.00 |
| ചെലവ് | 58043659 |
| നീക്കിയിരിപ്പ് | 13520886 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 10808524 | 10808524 | 10,706,300 | 102224 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7665959 | 7665959 | 4698515 | 2967444 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 1090300 | 1090300 | 680920 | 409380 |
| മെയിന്റനൻസ്, റോഡ് | 0 | 11244225 | 11244225 | 4416017 | 6828208 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 8558498 | 8558498 | 4999093 | 3559405 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Untied (Bank Account) | 0 | 3013602 | 3013602 | 2854367 | 159235 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Untied (Treasury) | 0 | 2017026 | 2017026 | 864720 | 1152306 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied (Bank Account) | 0 | 4436000 | 4436000 | 23800 | 4412200 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied (Treasury) | 0 | 5599999 | 5599999 | 125610 | 5474389 |

മുകളിലെ പട്ടികയിൽ കൊടുത്തിരിക്കുന്ന തുകകൾ കൂടാതെ പദ്ധതി നടത്തിപ്പിനായി വികസന ഫണ്ട് ഉറവിടത്തിൽ നിന്നും കുറവുചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ഉറവിടത്തിൽ നിന്നും കുറവുചെയ്തത് | ACR പ്രകാരമുള്ള വരവ് | യഥാർത്ഥ വരവ് | ACR പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 2,885,867 | 10808524 | 13694391 | 10,706,300 | 13592167 |
| വികസന ഫണ്ട്-എസ്.സി.പി | 190,667 | 7665959 | 7856626 | 4698515 | 4889182 |

കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| TSC | 2324890 | 0 | 2324890 | 0 | 2324890 |
| NREGS | 600 | 29303549 | 29304149 | 29304138 | 11 |
| ICDS | 1,600,587 | 618844 | 2219431 | 1996094 | 223337 |
| Baby Friendly Toilet | 12,000 | 0 | 12000 | 0 | 12000 |

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 3464542 | 5000 | 3469542 | 647300 | 2822242 |
| അഗതി രഹിത കേരളം | 2488507 | 100000 | 2588507 | 2068507 | 520000 |

| | | | | | |
|---|---|---|---|---|---|
| ലൈഫ് - State Share (SC) | 0 | 300,000 | 300000 | 0 | 300000 |

മറ്റ് ഫണ്ടുകൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കുടുംബശ്രീ ബഡ്സ് സ്കൂൾ | 851812 | 0 | 851812 | 0 | 851812 |
| സാക്ഷരത* | 0 | 87,250 | 87,250 | 0 | 87,250 |

1. ഗ്രാന്റ് പത്രികയിൽ വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി) എന്നീ ഇനങ്ങളുടെ വരവ് രേഖപ്പെടുത്തിയത് ഉറവിടത്തിൽ നിന്നും കുറവുചെയ്ത തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ചെലവ് ഉറവിടത്തിൽ നിന്നും കുറവുചെയ്ത തുകകൾ ഉൾപ്പെടുത്തിയാണ് രേഖപ്പെടുത്തിയത്. ഇക്കാരണത്താൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ) നീക്കിയിരിപ്പ് തുക മൈനസ് ആയാണ് കാണുന്നത്.

2. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Untied (Bank Account) എന്ന ഇനത്തിലെ വരവും നീക്കിയിരിപ്പും പട്ടികയിൽ കാണിച്ചിരിക്കുന്നത് ബാങ്ക് പലിശ ഉൾപ്പെടെയുള്ള തുകയാണ്. ഗ്രാന്റ് പത്രികയിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല.

3. സാക്ഷരത ഗ്രാന്റായി വരവുവന്ന തുക 3ൽ തുടങ്ങുന്ന Headൽ (Liability Head) വരവുവെക്കുന്നതിന് പകരം 1ൽ തുടങ്ങുന്ന Headലാണ് വരവുവെച്ചത്. അതിനാൽ ഈയിനത്തിലെ നീക്കിയിരിപ്പ് തുക Balance Sheetൽ ഉൾപ്പെട്ടിട്ടില്ല.

## 1-4-1 സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കണം

സമയ ബന്ധിതമായി വിനിയോഗിക്കാത്ത സാഹചര്യത്തിൽ 2021-22 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകൾ നഷ്ടമായതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | വിനിയോഗിക്കാതെ നഷ്ടമായത് |
|---|---|
| വികസന ഫണ്ട്-ജനറൽ | 102,224 |
| വികസന ഫണ്ട്-എസ്.സി.പി | 2967444 |
| വികസന ഫണ്ട്-ടി.എസ്.പി | 409380 |
| മെയിന്റനൻസ്, റോഡ് | 6828208 |
| മെയിന്റനൻസ്, നോൺ-റോഡ് | 3559405 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Untied (Treasury) | 1152306 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied (Treasury) | 5474389 |

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതാത് വർഷം പൂർണ്ണമായും വിനിയോഗിച്ച് ഗ്രാമ പഞ്ചായത്തിന്റെ വികസനം ഉറപ്പാക്കണം.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 142 | 149566865 | 109 | 41409969 | 0 | 33 | 76.76 |

പദ്ധതി നടത്തിപ്പിന്റെ നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 2171394 | 772244 | 35.56 |
| വെറ്റിനറി സർജൻ | 4 | 4 | 1390000 | 1389815 | 99.99 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 4 | 4389142 | 3575970 | 81.47 |
| ഹെഡ്മാസ്റ്റർ (GLPS) | 3 | 3 | 2276520 | 1550278 | 68.1 |
| ICDS സൂപർവൈസർ | 11 | 9 | 6331400 | 4504159 | 71.14 |
| മെഡിക്കൽ ഓഫീസർ (PHC) | 13 | 12 | 3008651 | 2096579 | 69.69 |
| മെഡിക്കൽ ഓഫീസർ (Homoeo) | 1 | 1 | 220000 | 220000 | 100 |
| മെഡിക്കൽ ഓഫീസർ (ISM) | 2 | 1 | 560000 | 500000 | 89.2 |
| VEO | 15 | 14 | 94003775 | 9703670 | 10.32 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 25 | 22 | 8922375 | 7266306 | 81.44 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 59 | 35 | 26293608 | 9830948 | 37.39 |
| ആകെ | 142 | 109 | 149566865 | 41409969 | 27.69 |

ഫണ്ട് തിരിച്ചുള്ള പദ്ധതി നടത്തിപ്പിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ട് | അടങ്കൽ തുക | ചെലവുതുക |
|---|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം - സാധാരണ വിഹിതം | 18046835 | 13514134 |
| വികസന ഫണ്ട് (എസ്.സി.പി) | 7957000 | 4889182 |
| വികസന ഫണ്ട് (ടി.എസ്.പി) | 1020000 | 680920 |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 13972227 | 3868497 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 7574594 | 3761946 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 30600000 | 550000 |
| തനത് ഫണ്ട് | 476930 | 260513 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 7340371 | 1105147 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 10219144 | 1876487 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 5996000 | 4416017 |

| | | |
|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 8034239 | 4999093 |
| മറ്റുള്ളവ | 38329525 | 1410000 |
| ആകെ | 149566865 | 41409969 |

അംഗീകാരം ലഭ്യമാക്കുന്ന പ്രൊജക്റ്റുകൾ സമയബന്ധിതമായി പൂർത്തിയാക്കി സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ അതാതുവർഷം തന്നെ വിനിയോഗിച്ച് ഗ്രാമ പഞ്ചായത്തിന്റെ വികസനം ഉറപ്പാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിങ് കമ്മറ്റിയും ഭരണ സമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | വരവ് | ചെലവ് |
|---|---|---|
| മുന്നിരിപ്പ് | 600 | |
| EFMS | 27,547,217 | |
| ഭരണചെലവുകൾ | | 1316005 |
| Material & Skilled Labour | | 1,151,416 |
| Unskilled Wages | | 25,787,048 |
| 100 തൊഴിൽ ദിനം അവാർഡ് | 546,485 | 546485 |
| മറ്റ് ചെലവുകൾ | | 502998 |
| ബാങ്ക് പലിശ/ ചാർജ് | 4151 | 186 |
| ഗ്രാമ പഞ്ചായത്ത്- മുൻകൂർ | 1205696 | |
| നീക്കിയിരിപ്പ് | 0 | 11 |
| ആകെ | 29304149 | 29304149 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2 | കർഷക തൊഴിലാളി പെൻഷൻ | 2100800 | 138 |
| 3 | വിധവാ പെൻഷൻ | 17518600 | 1134 |
| 4 | വാർദ്ധക്യകാല പെൻഷൻ | 27112000 | 1857 |
| 5 | വികലാംഗ പെൻഷൻ | 2868000 | 188 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 324800 | 19 |
| 7 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2022 തിയ്യതിയിൽ ഉച്ചയ്ക്ക് ശേഷം 3.30 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തി. 3234/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വാർഷിക കണക്കുകൾ അയക്കുന്നതിന് മുൻപ് അനുബന്ധ രജിസ്റ്ററുകൾ, തയ്യാറാക്കേണ്ടതും രജിസ്റ്ററുകളും, വാർഷിക കണക്കുമായി ബന്ധപ്പെട്ട പത്രികകളും (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ) വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ മുഴുവനായും വിനിയോഗിച്ച് ഗ്രാമ പഞ്ചായത്തിന്റെ വികസനം ഉറപ്പാക്കേണ്ടതാണ്.

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസോടെ മാത്രമേ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളു എന്ന കാര്യം ഉറപ്പാക്കേണ്ടതാണ്. ലൈസൻസ് അനുവദിക്കുമ്പോൾ മറ്റ് വകുപ്പുകളിൽ നിന്നും ലഭ്യമാക്കേണ്ട അനുമതിയുടെ വിവരവും പരിശോധിക്കേണ്ടതാണ്.

നികുതികളിലൂടെയും ഫീസുകളിലൂടെയും ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം പൂർണ്ണമായും ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തും ഘടക സ്ഥാപനങ്ങളും പ്രൊജക്ടുകൾ നടപ്പാക്കുമ്പോൾ നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിക്കേണ്ടതാണ്. മുൻകൂർ തുക നൽകുന്ന പ്രൊജക്ടുകളിൽ തുകയുടെ വിനിയോഗവും പ്രൊജക്ടിന്റെ സമയബന്ധിത വിനിയോഗവും ഉറപ്പാക്കേണ്ടതാണ്.

വ്യക്തിഗത പ്രൊജക്ടുകളുടെ വിജയം ഉറപ്പാക്കുന്നതിലേക്കായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതുമുതൽ കാര്യക്ഷമത കാണിക്കേണ്ടതും അർഹമായ സഹായം ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.06.2022 | മെയ് 2022 | 29.06.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.12.19 മുതൽ 09.01.2020 വരെ | 2017-18 | 30.01.2020 |

പെർഫോമൻസ് ഓഡിറ്റിന്റെ 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 46 പരാമർശങ്ങൾ തീർപ്പാക്കാനുണ്ട്. 2022-23ലെ ഏപ്രിൽ മെയ് മാസങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലായി 7 പരാമർശങ്ങൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ 4 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്-അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ സാമ്പത്തിക വർഷം 146 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും ഫീസ് ഇനത്തിൽ 1,27,550/- രൂപയുടെ വരവുമുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-11-1 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 14 വാർഡുകളിലായി 192 സ്ഥാപനങ്ങൾ ഉള്ളതായി കാണുന്നു. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 146 സ്ഥാപനങ്ങളാണ് ലൈസൻസോടുകൂടി പ്രവർത്തിക്കുന്നത്. അനുമതിയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-11-2 വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് 1994 ലെ കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ തൻ വർഷം യന്ത്രങ്ങളുടെ തുടർ നടത്തിപ്പിനു തുക ഒന്നും തന്നെ ഈടാക്കിയിട്ടില്ല.

1-11-3 ഇറച്ചിക്കടകൾക്ക് ലൈസൻസ്- സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കണം

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നെണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ് നൽകേണ്ടതാണ്.

ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിൽ, യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

1-12 അനധികൃത കെട്ടിട നിർമ്മാണം - തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിക്കുന്നതിനായി അനധികൃത കെട്ടിടനിർമ്മാണ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയവ അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-12-1 അനധികൃത നിർമ്മാണ രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകപ്പിന്റെ 29342/ആർ.എ1/2014/ തസ്വഭവ, 19.05.2014 തിയതിയിലെ ഉത്തരവിൽ ഗ്രാമ പഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയവ ചുവടെ ചേർക്കുന്നു.

1. ഏതുതരം ചട്ടലംഘനമാണ് നടത്തിയത് എന്നും ടി ലംഘനം പ്രതിപാദിക്കുന്ന റൂൾസ്, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്നും രേഖപ്പെടുത്തിയിട്ടില്ല.

2. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിൻ മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആണ്. കൂടാതെ എല്ലാമാസവും 25-ാം തിയതിക്ക് മുമ്പായി അതാത് സെക്രട്ടറിമാർ വകുപ്പ് തലവൻമാർക്ക് അയച്ചുകൊടുക്കേണ്ടതും വകുപ്പ് തലവൻമാർ അവ ക്രോഡീകരിച്ച് എല്ലാ മാസവും സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ടി നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

1-12-2 അനധികൃത നിർമ്മാണ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. എന്നാൽ മേൽകെട്ടിടങ്ങൾക്ക് യു.എ നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിലും വസ്തുനികുതി ഈടാക്കിയിട്ടില്ല. അനധികൃതനിർമ്മാണ രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 102 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഇവയെ മുഴുവൻ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല.

1-12-3 കെട്ടിടനിർമ്മാണ വിവരങ്ങൾ സർക്കാറിലേക്ക് റിപ്പോർട്ട് ചെയ്യുന്നില്ല

അനധികൃതനിർമ്മാണ രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 102 കെട്ടിടങ്ങളാണ് ഉള്ളത്. ഇവയ്ക്കെതിരെ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 89, 90, 91 എന്നിവ അനുശാസിക്കുന്ന തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കൂടാതെ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ ഓരോ 3 മാസം കൂടുമ്പോഴും ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ള അനധികൃത നിർമ്മാണങ്ങളുടേയും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികളുടേയും ബിൽഡിംഗ് പെർമിറ്റ്, റെഗുലറൈസേഷൻ എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളുടെ എണ്ണം, ഇവയിൽ നടപടികൾ സ്വീകരിച്ചവ, നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്നീ വിവരങ്ങൾ സർക്കാറിനെ അറിയിക്കേണ്ടതാണ്. എന്നാൽ ഈ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കാണുന്നില്ല. മുഴുവൻ അനധികൃത കെട്ടിടങ്ങളുടേയും വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വെയറിൽ നിർണ്ണയിച്ച് ഡിമാന്റ് ചെയ്യേണ്ടതും രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/28.09.2022) മറുപടി നൽകിയിട്ടില്ല.

1-13 കുടിവെള്ള പദ്ധതികൾ നടത്തിപ്പ് - കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

എരുത്തേമ്പതി ഗ്രാമപഞ്ചായത്തിൽ DWSS കൊഴിഞ്ഞാമ്പാറ, DWSS വേലന്താവളം എന്നീ 2 കുടിവെള്ള പദ്ധതികളാണ് ഉള്ളത്. രണ്ട് പദ്ധതികൾക്കും കീഴിൽ ഗാർഹിക, ഗാർഹികേതര വിഭാഗങ്ങളിൽ 424 ഉപഭോക്താക്കൾ ഉള്ളതായി കാണുന്നു. ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസം 100 രൂപയും ഗാർഹികേതര ഉപഭോക്താക്കൾക്ക് 200 രൂപയുമാണ് പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. 2 കുടിവെള്ള പദ്ധതികളുടെ പരിപാലനം കാര്യക്ഷമമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. കൃത്യമായ ഡിമാന്റും വരവു കുടിശ്ശികയും എത്രയെന്ന് കണ്ടെത്താൻ സാധിക്കാത്ത സ്ഥിതിയിലാണ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്.

കുടിശ്ശികയുടെ വിവരം

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിവെള്ള ചാർജ് ഇനത്തിലെ വരവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | കളക്ഷൻ | ബാലൻസ് |
|---|---|---|
| തൻവർഷം | 27280 | -25280 |
| അരിയർ | 35160 | 1089732 |
| ആകെ | 62440 | - |

*(തൻവർഷം - ബാലൻസ് തുകയിൽ ബാലൻസ് തുക -25280 എന്നാണ് കാണുന്നത്)*

ഡിമാന്റ് രജിസ്റ്റർ കൃത്യമല്ലാത്തതിനാൽ കുടിശ്ശികയുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്. തൻവർഷം വരവ് വന്ന 62,440/- (അരിയർ & കുടിശ്ശിക) രൂപയുടെ വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/28.09.2022) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സ.ഉ (സാധാ)നം.1275/2009/ത.സ്വ.ഭ.വ തിയതി 30-5-2009 ലെ നിർദ്ദേശം പാലിച്ച് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

2. വെള്ളക്കരം ഡിമാന്റ് രജിസ്റ്റർ കാലികമാക്കി കുടിശ്ശിക പിരിച്ചെടുക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 HMC വാർഷികകണക്കുകൾ ഹാജരാക്കിയിട്ടില്ല.

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ.(ആർ.റ്റി.) 3379/2014 എച്ച് & എഫ്.ഡബ്ല്യൂ.ഡി തീ.03.12.2004 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ രൂപം കൊണ്ടിട്ടുള്ള താഴെ ചേർക്കുന്നതു പ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി 2021-22 സാമ്പത്തിക വർഷം ഉൾപ്പടെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി | ഓഡിറ്റിന് ഹാജരാക്കാനുള്ള വാർഷിക കണക്കുകൾ |
|---|---|
| അലോപ്പതി വിഭാഗം, എഫ്.എച്ച്.സി, വണ്ണാമട | രൂപീകൃതമായ വർഷം മുതൽ 2021-22 ഉൾപ്പെടെയുള്ളത് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/28.09.2022) മറുപടിയായി സ്റ്റാഫുകളുടെ കുറവ് മൂലമാണ് കണക്കുകൾ സമർപ്പിക്കാത്തത് എന്നും കണക്കുകൾ സമർപ്പിക്കുന്നതിന് സാവകാശം വേണം എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. HMC രൂപീകൃതമായ വർഷം മുതൽ ഇതുവരെയും കണക്കുകൾ സമർപ്പിച്ചിട്ടില്ലാത്തതാണ്. വാർഷിക കണക്കുകൾ ഉടൻ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - ഹോംകോയിൽ നിന്നും മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി നിർവ്വഹണം നടത്തിയ മരുന്നു വാങ്ങൽ

പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ (41/2021-22) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | 2,20,000/- |
| ചെലവ് | 2,20,000/- |
| ബിൽ നം. തിയ്യതി | 1/ 2021-22 Dated 10.08.21<br>2,20,000 രൂപ. |

2,20,000 രൂപ. രൂപ ഹോംകോയ്ക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന മുൻകൂർ നൽകിയിട്ടുണ്ട്. ലഭ്യമായ മരുന്നിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നമ്പർ | ലഭിച്ച മരുന്നിന്റെ വില (രൂപ) |
|---|---|
| LF 2837/26-03-22 | 59765/- |
| LF- 350/16-07-22 | 86118/- |
| ആകെ | 145883/- |

74,117/- രൂപയുടെ മരുന്നുകൾ ഇനി ലഭിക്കാനുള്ളതായി കാണുന്നു. കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതും മരുന്നുകൾ സമയാസമയം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/28.09.2022) മറുപടിയായി ഹോംകോയ്ക്ക് മരുന്നുകൾ ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് കത്തുകൾ നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

### 1-16 മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവഹണം നടത്തിയ പദ്ധതി- സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങലുകൾ നടത്തി

മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം നിർവ്വഹണ ഉദ്യോഗസ്ഥനായി കുടുംബാരോഗ്യകേന്ദ്രം വണ്ണാമടയിലേക്ക് ഉപകരണം വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്റ്റ് നം & പേര് | : | 54/21 -22 – FHC വണ്ണാമട ഉപകരണം വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, വണ്ണാമട |
| ഫണ്ടിനം | : | മെയിന്റനൻസ് ഗ്രാന്റ് , റോഡിതരം |
| വകയിരുത്തിയ തുക | : | 2,00,000/- രൂപ |
| ചെലവഴിച്ച തുക | : | 1,19,655/- രൂപ ബിൽ നം.<br>1 . 22/22 തീയതി 25.02.22, തുക 31,926/-<br>2. 25/22 തീയതി 16.03.22 തുക 19,325/-<br>3. 27/22 തീയതി27.03.22 തുക 68,404/- |

മേൽ പ്രോജക്ട് നടപ്പിലാക്കിയതിൽ ബിൽ നം. 27/22 പ്രകാരം ചിറ്റൂർ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും 38,400/- രൂപയ്ക്ക് ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ എന്നീ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (പി) 7/19/ എസ് പി ഡി തീയതി 26.4.19 പ്രകാരം 25,000/- രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് GeM പോർട്ടൽ മുഖേനയാകണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാലോ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിന് ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ ആയത് വാങ്ങാവുന്നതാണ്. എന്നാൽ ഇത്തരം നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തിയത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (നം. 23/28.09.2022)

## 1-17 മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവഹണം നടത്തിയ പദ്ധതി- തുക മുൻകൂർ നൽകിയിട്ടും കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം നിർവ്വഹണ ഉദ്യോഗസ്ഥനായി കുടുംബാരോഗ്യകേന്ദ്രം വണ്ണാമടയിലേക്ക് ഉപകരണം വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം & പേര് | : | 54/21 -22 – FHC വണ്ണാമട ഉപകരണം വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, വണ്ണാമട |
| ഫണ്ടിനം | : | മെയിന്റനൻസ് ഗ്രാന്റ് , റോഡിതരം |
| വകയിരുത്തിയ തുക | : | 2,00,000/- രൂപ |
| ചെലവഴിച്ച തുക | : | 1,19,655/- രൂപ<br>ബിൽ നം.<br>1 . 22/22 തീയതി 25.02.22, തുക 31,926/-<br>2. 25/22 തീയതി 16.03.22 തുക 19,325/-<br>3. 27/22 തീയതി 27.03.22 തുക 68,404/- |

Kerala State IT Mission ന് കമ്പ്യൂട്ടർ മുതലായവ വാങ്ങുന്നതിനായി തുക മുൻകൂർ നൽകിയിട്ടുണ്ട്. ഇതിൽ ബിൽ നം. 27/22 പ്രകാരം കമ്പ്യൂട്ടർ വാങ്ങുന്നതിനായി Kerala State IT Mission ന് 27.03.2022 തിയതിയിൽ മുൻകൂർ നൽകിയ 30,004/ രൂപ വിലയുള്ള കമ്പ്യൂട്ടർ ലഭ്യമായത്, സ്റ്റോക്കിലെടുത്തത് എന്നീ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/28.09.2022) മറുപടിയായി ഇതുവരെയായും കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-18 കാലഹരണപ്പെട്ട സാംഖ്യ രശീതുകൾ കൈയൊഴിയേണ്ടതാണ്.

പഞ്ചായത്തിൽ ഐ.എൽ.ജി.എം.എസ് നടപ്പിലാക്കിയതിന് ശേഷം കാലഹരണപ്പെട്ട സാംഖ്യ രശീതുകൾ (രശീത് നം. 5458107 മുതൽ 5460000 വരെ) പഞ്ചായത്തിന്റെ ചെസ്റ്റിൽ സൂക്ഷിച്ചിട്ടുണ്ട്. ഇവ യഥാവിധി കൈയൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്ക് തുക നല്കിയത് -പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്

2021-22 വർഷത്തിൽ എരുത്തേമ്പതി ഗ്രാമപഞ്ചായത്ത് താഴെ കൊടുത്തിരിക്കുന്ന പദ്ധതിയ്ക്കായി കെ എസ് ഇ ബി- യ്ക്ക് തുക നല്കിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| പ്രൊജക്റ്റ് നം.പേര് | അടങ്കൽ | ചെലവ് | ബിൽ നം/സാങ്ങ്ഷൻ ഓർഡർ നം/ തീയതി | സ്ഥാപനം |
|---|---|---|---|---|
| 190/22- വിവിധ എസ് ടി കോളനികളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 113000<br>1)80000-TSP<br>2)33000തനത് ഫണ്ട് | 112997<br>1)80000-TSP<br>2)32997തനത് ഫണ്ട് | 1)42/ 25.3.22<br>2)ചെക്ക് നം-699894/24.3.2022 | KSEB കൊഴിഞ്ഞാമ്പാറ സെക്ഷൻ |

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ പൂർത്തീകരണം വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ മോണിറ്ററിംഗ് കർശനമാക്കേണ്ടതാണ്.
ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ B-18ൽ ഈയിനത്തിൽ കാണിച്ച തുക ഈ പ്രൊജക്റ്റ് പ്രകാരം KSEBക്ക് നൽകിയ തുകയുമയി പൊരുത്തപ്പെടുന്നില്ല.

1-20 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം- മാർഗ്ഗനിർദേശങ്ങൾ പാലിച്ചിട്ടില്ല.

ജി.ഒ(എം.എസ്)നം.330/2004/LSGD തിയതി 9-12-2004 പ്രകാരം പുറപ്പെടുവിച്ച മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ സംരക്ഷണത്തിനാണ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. ആകെ മെയിന്റനൻസ് ഗ്രാന്റിന്റെ പത്ത് ശതമാനം തുക പൊതു ആവശ്യ ഗ്രാന്റ് എന്നതു പോലെ ചെലവഴിക്കാവുന്നതാണ്.

സർക്കുലർ നം 75326/FM.1/2007/ത.സ്വ.ഭ.വ 30.1.2008 ൽ ഗ്രാന്റ് വിനിയോഗത്തിനുള്ള നിയന്ത്രണങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. മേൽ സർക്കുലറിലെ നെഗറ്റീവ് ലിസ്റ്റിലുൾപ്പെട്ടതാണ് തെരുവുവിളക്കുകളുടെ അറ്റകുറ്റപണിയ്ക്കുള്ള ചെലവ്. ഇക്കാര്യം GO (MS)118/2022, LSGD, Dt 4.6.2022 ലും നെഗറ്റീവ് ലിസ്റ്റിലുൾപ്പെടുത്തിയിട്ടുണ്ട്.

എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) 8558498 അനുവദിക്കുകയും, 5079093 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടിൽ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വകയിരുത്തി നാല് പദ്ധതികൾക്കായി 1288888 രൂപ ഉപയോഗിച്ചിട്ടുണ്ട്. ഇത് ആകെ ചെലവിന്റെ 25.37 % ശതമാനമാണ്. ഇതിൽ തെരുവു വിളക്കുകളുടെ അറ്റകുറ്റപണിയ്ക്കായി രണ്ട് പദ്ധതികളിലായി 834000 രൂപ വകയിരുത്തി 833412 രൂപ ചെലവഴിച്ചിട്ടുണ്ട്.

ചെലവിന്റെ വിശദവിവരങ്ങൾ-

1.പ്രോജക്റ്റ് നം - 131/22- വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ-700000 -മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ചെലവ് - 700000- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ബിൽ നം - 14/16.8.21-350000

23/28.10.21-350000

2.പ്രോജക്റ്റ് നം - 27/22- വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ-134000 -മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ചെലവ് - 133412- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ബിൽ നം - 39/21.3.22- 133412

ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് പ്രധാന നിബന്ധനകളിലൊന്ന് ടി തുക വകമാറ്റി ചെലവഴിക്കരുതെന്നാണ്. മാർഗനിർദേശം പാലിക്കാതെ തുക വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നല്കിയതിന് (8/24.9.2022) "എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ ശുഷ്കമായ തനതു ഫണ്ടും, മറ്റ് പ്ലാൻ ഫണ്ടുകളുടെ ലഭ്യതക്കുറവും, ലഭിക്കുന്ന ഫണ്ടുകൾ അനിവാര്യ പദ്ധതികൾക്കും നിർബന്ധിത പദ്ധതികൾക്കും, വാലിഡേഷൻ സെറ്റ് ചെയ്യുന്നതിനും മാത്രമായി ചുരുക്കുന്നതിനു കൊണ്ടും, അതേ സമയം സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ അടിയന്തര സ്വഭാവവും, അതുപോലെ അനിവാര്യ ചുമതല ഉള്ളതിനാലും, പരാമർശ ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കാൻ നിർബന്ധിതമായ സാഹചര്യമുണ്ടാകുകയാണ് ചെയ്തത് " എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതികൾക്കുള്ള ഫണ്ട് വകയിരുത്തുന്നതിലും വിനിയോഗത്തിലും സർക്കാർ മാർഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്. മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഭവന പുനരുദ്ധാരണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

സബ്സിഡി മാർഗരേഖ സ.ഉ.(കൈ) നം 22/2018/ത.സ്വ.ഭ.വ, തിയതി 14.2.2018, ഖണ്ഡിക 6.7 പ്രകാരം ഭവന പുനരുദ്ധാരണത്തിന് പൊതു വിഭാഗത്തിന് പരമാവധി 75000 രൂപയും, എസ്.സി/എസ്. ടി വിഭാഗത്തിന് പരമാവധി 100000 രൂപയും അനുവദിക്കാവുന്നതാണ്. 2021-22 വർഷത്തിൽ നടപ്പാക്കിയ 142/22- ഭവന പുനരുദ്ധാരണം -ജനറൽ പദ്ധതിയിൽ ഒരു ഗുണഭോക്താവിന് പരമാവധി 25000 രൂപ മാത്രമാണ് നല്കിയിട്ടുള്ളത്. 27/22- ഭവന പുനരുദ്ധാരണം -SCP പദ്ധതിയിൽ ഒരു ഗുണഭോക്താവിന് പരമാവധി 40000 രൂപ മാത്രമാണ് നല്കിയിട്ടുള്ളത്. രണ്ട് പദ്ധതികളിലും തുക കുറവായി വകയിരുത്തിയതിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ട് എൻക്വയറി( 8/26.9.2022) നല്കിയതിന് മറുപടിയായി ഫണ്ടിന്റെ ലഭ്യതക്കുറവും, കുറവ് തുക വകയിരുത്തി കൂടുതൽ പേർക്ക് ആനുകൂല്യം നല്കുക എന്ന് ഭരണസമിതിയുടെ അഭിപ്രായവും മാനിച്ച് ജനറൽ വിഭാഗത്തിന് 25000 രൂപയും, എസ് സി വിഭാഗത്തിന് 40000 രൂപയും വകയിരുത്തിയതാണ് എന്ന് വി ഇ ഒ അറിയിച്ചു. തൻവർഷം വി ഇ ഒ യുടെ പദ്ധതികൾക്ക് വകയിരുത്തിയ തുകയിൽ ആകെ 10 ശതമാനം തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ഇതിൽ ഭവന പുനരുദ്ധാരണ പദ്ധതികളുടെ ചെലവ് 25 ശതമാനം മാത്രമാണ്. പ്രത്യേക ഘടകപദ്ധതിക്കായുള്ള വികസന ഫണ്ട് ₹4343831/- വകയിരുത്തിയതിൽ ₹2190000/- മാത്രമാണ് ചെലവഴിച്ചത്. ഗ്രാമ പഞ്ചായത്തിന് ഈ വർഷം ലഭ്യമായ പ്രത്യേക ഘടകപദ്ധതിക്കായുള്ള വികസന ഫണ്ടിൽ ₹2967444/- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടിട്ടുണ്ട്.

പദ്ധതികൾ നടപ്പാക്കുന്നതിലൂടെ ഭൗതികലക്ഷ്യം നേടുന്നതിന് സഹായകമായ നിരക്കിൽ തുക വകയിരുത്തയാൽ മാത്രമേ ഗുണഭോക്താക്കൾക്ക് അത് യഥാർത്ഥത്തിൽ സഹായകമാവൂ. കൈവരിക്കാനുദ്ദേശിക്കുന്ന നേട്ടം മുൻനിർത്തിയുള്ള ആസൂത്രണവും നിർവഹണവും വഴി പരമാവധി വിഭവ സ്രോതസ്സുകൾ ഉറപ്പാക്കുന്നതിനും ഫണ്ടുകൾ ലാപ്സാവാതെ വിനിയോഗിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച രണ്ടു പദ്ധതികളിലുമായി ധനസഹായം അനുവദിച്ച ഗുണഭോക്താക്കളിൽ ചിലർ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല. വിശദവിവരങ്ങൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

### 1-21-1 ഭവന പുനരുദ്ധാരണം (ജനറൽ) പൂർത്തിയാക്കേണ്ടതാണ്

പ്രോജക്റ്റ് നം - 142/22- ഭവന പുനരുദ്ധാരണം - ജനറൽ

നിർവഹണ ഉദ്യോഗസ്ഥ- വി.ഇ. ഒ

അടങ്കൽ-611642 (വികസന ഫണ്ട് - ജനറൽ)

ചെലവ് - 112500 (വികസന ഫണ്ട് - ജനറൽ)

ബിൽ നം - 4/22.7.21-50000

25/24.1.22- 12500

28/25.2.22- 25000

32/28.2.22- 12500

34/10.3.22- 12500

